ഫയല് നം : H1/33/2025-TC തിയതി : **01-03-2025**

ട്രാന്സ്പോര്ട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014
ഇ-മെയില്: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471-2333317

**സർക്കുലർ നം. 7/2025**

വിഷയം :- മോട്ടോര് വാഹന വകുപ്പ് - ഓട്ടോറിക്ഷ ഫെയർ -എസ് .ടി. എ തീരുമാനം സംബന്ധിച്ച് നിർദ്ദേശങ്ങൾ - സർക്കുലറായി പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്

പരാമര്ശം :- 1) 26.04.2022 ലെ സർക്കാർ ഉത്തരവ് ജി ഒ (പി) നം. 14/2022 /ട്രാൻസ്.

2) സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ 24.01.2025 തീയതിയിലെ യോഗതീരുമാനം.

3) 15.02.2025 ലെ ഗതാഗത കമ്മീഷണറുടെ സർക്കുലർ നമ്പർ 4/2025.

മൂന്നാമതായി പരാമർശിച്ചിരിക്കുന്ന സർക്കുലർ നം. 4/2025 ന്റെ തുടർച്ചയായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ നല്കുന്നു.

ഒന്നാമത്തെ സൂചനയിൽ പ്രതിപാദിച്ചിരിക്കുന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള യാത്രാ നിരക്ക്, കെ എം വി ആർ 155 & 300 എന്നിവയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ഓട്ടോറിക്ഷാകളിൽ യാത്രക്കാർ കാണുന്ന വിധത്തിൽ ഡ്രൈവർ സീറ്റിനു പിറകിലായി, യാത്രക്കാർക്ക് അഭിമുഖമായ ഭാഗത്ത് പ്രദർശിപ്പിക്കുന്നതിനു ആവശ്യമായ ക്രമീകരണങ്ങൾ നടപ്പിലാക്കേണ്ടതാണ്. **"എന്റെ വാഹനത്തിലെ ഫെയർ മീറ്റർ പ്രവർത്തിക്കുന്നില്ലെങ്കിൽ താങ്കളുടെ യാത്ര സൗജന്യമായിരിക്കും** എന്നു മലയാളത്തിലും ***" IF THE FARE METRE OF MY VEHICLE IS NOT WORKING, YOUR JOURNEY WILL BE FREE"*** എന്ന് ഇംഗ്ലീഷിലും നിർദ്ദിഷ്ട മാതൃകയിൽ പ്രദർശിപ്പിക്കേണ്ടതാണ്.

യാത്രാ സംബന്ധമായ പരാതികൾ നല്കുന്നതിനായി അതാത് അധികാര പരിധിയിലുള്ള എൻഫോഴ്സ്മെന്റ് വിഭാഗം കണ്ട്രോൾ റൂമിന്റെ മൊബൈൽ നമ്പറും, എൻഫോഴ്സ്മെന്റ് ആർ ടി ഒ യുടെ ഇ മെയിൽ ഐ ഡി യും നല്കേണ്ടതാണ്.(മാതൃക ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.)

പ്രസ്തുത നിർദ്ദേശം 01.03.2025 മുതൽ പ്രാബല്യത്തിൽ വരുന്നതും, ആയത് നടപ്പിലാക്കുന്നുണ്ടെന്നു എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെയും നേതൃത്വത്തിൽ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും, എല്ലാ എൻഫോഴ്സ്മെന്റ് ആർ ടി ഒ മാരും, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും ഉറപ്പു വരുത്തേണ്ടതാണ്. സർക്കുലറിന്റെ കൈപ്പറ്റ് രസീത് മടക്ക തപാലിൽ ലഭ്യമാക്കേണ്ടതാണ്. ഓട്ടോറിക്ഷ ഫെയർ ചാർട്ട് ചുവടെ ചേർക്കുന്നു.

# മോട്ടോർ വാഹന വകുപ്പ്

(കേരള മോട്ടോർ വാഹന ചട്ടം 155 & 300 കാണുക)

| മിനിമം ചാർജ്ജ് 30 രൂപ സഞ്ചരിക്കാവുന്ന ദൂരം 1.5 കി.മീ | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | ദൂരം കി.മീ. | ചാർജ്ജ് (രൂപ) | ക്രമ നമ്പർ | ദൂരം കി.മീ. | ചാർജ്ജ് (രൂപ) |
| 1. | 1.5 | 30.00 | 21. | 11.5 | 180.00 |
| 2. | 2 | 37.50 | 22. | 12 | 187.50 |
| 3. | 2.5 | 45.00 | 23. | 12.5 | 195.00 |
| 4. | 3 | 52.50 | 24. | 13 | 202.50 |
| 5. | 3.5 | 60.00 | 25. | 13.5 | 210.00 |
| 6. | 4 | 67.50 | 26. | 14 | 217.50 |
| 7. | 4.5 | 75.00 | 27. | 14.5 | 225.00 |
| 8. | 5 | 82.50 | 28. | 15 | 232.50 |
| 9. | 5.5 | 90.00 | 29. | 15.5 | 240.00 |
| 10. | 6 | 97.50 | 30. | 16 | 247.50 |
| 11. | 6.5 | 105.00 | 31. | 16.5 | 255.00 |
| 12. | 7 | 112.50 | 32. | 17 | 262.50 |
| 13. | 7.5 | 120.00 | 33. | 17.5 | 270.00 |
| 14. | 8 | 127.50 | 34. | 18 | 277.50 |
| 15. | 8.5 | 135.00 | 35. | 18.5 | 285.00 |
| 16. | 9 | 142.50 | 36. | 19 | 292.50 |
| 17. | 9.5 | 150.00 | 37. | 19.5 | 300.00 |
| 18. | 10 | 157.50 | 38. | 20 | 307.50 |
| 19. | 10.5 | 165.00 | 39. | 20.5 | 315.00 |
| 20. | 11 | 172.50 | 40. | 21 | 322.50 |

- ഓരോ 1 കി. മീ നും 15 രൂപ നിരക്കിൽ ചാർജ്ജ് നൽകേണ്ടതാണ്. ½ കിലോമീറ്റർ മേൽ പട്ടികയിൽ ½ കി.മീ വിട്ടുള്ള അകലങ്ങളെ നൽകിയിട്ടുള്ളൂ. യാത്ര ചെയ്യുന്ന കൃത്യമായ ദൂരം മേൽ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ അതിനുള്ള കൂലി ഇതിൻപ്രകാരം കണക്കാക്കേണ്ടതാണ്.
- തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപറേഷനുകളിലും കണ്ണൂർ, പാലക്കാട്, കോട്ടയം എന്നീ ടൌണുകളിലും രാത്രി 10 മണിക്കും പുലർച്ചെ 5 മണിക്കും ഇടക്കുള്ള സമയത്ത് മീറ്റർ ചാർജ്ജിന്റെ 50% അധികം നൽകേണ്ടതാണ്.
- മറ്റ് സ്ഥലങ്ങളിൽ പോക്കും വരവും ഉണ്ടെങ്കിൽ മീറ്റർ ചാർജ്ജ് മാത്രവും പോക്ക് മാത്രമാണെങ്കിൽ മീറ്റർ ചാർജ്ജിൽ നിന്നും 30 രൂപ കുറച്ച് ബാക്കി തുകയുടെ 50% അധികം നൽകേണ്ടതാണ്.
- വെയിറ്റിംഗ് ഓരോ 15 മിനിറ്റിനും 10 രൂപ നിരക്കിലൽ (ഒരു ദിവസം പരമാവധി 250 രൂപ വരെ) നൽകേണ്ടതാണ്.

യാത്രാസംബന്ധമായ പരാതികൾ അടുത്തുള്ള
പോലീസ് സ്റ്റേഷനിലോ മോട്ടോർ വാഹന
വകുപ്പ് ഓഫീസിലോ അറിയിക്കുക.

പരാതികൾ നൽകേണ്ട വാട്സാപ്പ് നമ്പർ – ……………

ഇ-മെയിൽ : ……………………………………………………

| | |
|---|---|
| "IF THE FARE METRE OF MY VEHICLE IS NOT WORKING YOUR JOURNEY WILL BE FREE" | "എന്റെ വാഹനത്തിലെ ഫെയർ മീറ്റർ പ്രവർത്തിക്കുന്നില്ലെങ്കിൽ താങ്കളുടെ യാത്ര സൗജന്യമായിരിക്കും" |

വിശ്വസ്തതയോടെ,

NAGARAJU CHAKILAM IPS
TRANSPORT COMMISSIONER

സ്വീകർത്താവ്:

Signed by
Chakilam Nagaraju
Date: 01-03-2025 17:45:45

1 എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും

2 എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

3 എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ എൻഫോഴ്സ്മെൻറ്മാർക്കും

4 എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

പകർപ്പ്:

1.ട്രാൻസ്പോർട്ട് കമ്മീഷണറുടെ സി എ

2.ജെ .ടി .സി &എസ് .ടി .എ സെക്രട്ടറിയുടെ സി .എ

3.സീനിയർ ഡി.റ്റി.സി ടാക്സേഷൻ സി. എ

4.സീനിയർ ലോ ഓഫീസറുടെ സി. എ

5.സീനിയർ സൂപ്രണ്ട്, എസ് എസ് ജി (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)